**No.CEE/4383/2014/KEAM-2015/TA 1**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## 2015 ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച്

2015-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാമത്തെയും അവസാനത്തെയും കേന്ദ്രീകൃത അലോട്ട്മെന്റിന് ശേഷം പ്രസ്തുത കോഴ്സുകളിൽ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ **26.10.2015** മുതൽ **30.10.2015** വരെയുള്ള തീയതികളിൽ സ്പോട്ട് അഡ്മിഷൻ മുഖേന നികത്തുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച വിവരങ്ങൾ പ്രമുഖ പത്ര–ദൃശ്യ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ലെ വ്യവസ്ഥകൾക്കനുസൃതമായും, മെറിറ്റ്–സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരികൾ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.

പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ താൽപ്പര്യമുള്ള വിദ്യാർത്ഥികൾ കോളേജുകളുമായി ബന്ധപ്പെട്ട് സ്പോട്ട് അഡ്മിഷൻ സംബന്ധിച്ച വിശദാംശങ്ങൾ മനസ്സിലാക്കേണ്ടതാണ്.

**തിരുവനന്തപുരം**
**21.10.2015**

**പ്രവേശന പരീക്ഷാ കമ്മീഷണർ**